**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5986** **17-03-2023 - ൽ മറുപടിയ്ക്ക്**

**ധനകാര്യസ്ഥാപനങ്ങൾ നടത്തുന്ന ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചില ധനകാര്യ സ്ഥാപനങ്ങൾ ജനങ്ങളിൽ നിന്നും ആകർഷകമായ വ്യവസ്ഥകളിൽ പണം സ്വീകരിച്ച് തട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം സ്ഥാപനങ്ങളെ അവയുടെ പ്രവർത്തനാരംഭത്തിൽ തന്നെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിൽ നിയമം ഉണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | കേരളത്തിൽ മണി ലെൻഡിങ്ങിൽ ഏർപ്പെടുന്ന വ്യക്തികൾക്കും പാർട്ണർഷിപ്പുകൾക്കും ആണ് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന കേരള മണി ലെൻഡേഴ്സ് ആക്ട് 1958 പ്രകാരം രജിസ്ട്രേഷൻ സംവിധാനവും മറ്റും നിലവിൽ ഉള്ളത്. പണത്തിന്റെ നിക്ഷേപ സ്വീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല. പ്രസ്തുത ആക്ടിന്റെ അധികാര പരിധിയിൽ വരുന്ന കാര്യങ്ങളിൽ നിയമലംഘനം കാണപ്പെടുന്ന പക്ഷം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് നിയമത്തിൽ അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>അനധികൃത നിക്ഷേപ പദ്ധതികൾ 2019 -ലെ The Banning of Unregulated Deposit Schemes Act പ്രകാരം നിരോധിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് അസ്വാഭാവികവും അമിതവുമായ പലിശയും ആനുകൂല്യങ്ങളും വാഗ്ദാനം ചെയ്ത് തട്ടിപ്പ് നടത്തുന്ന സാമ്പത്തിക സ്ഥാപനങ്ങളെ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് ഉദ്യോഗസ്ഥർ നിരീക്ഷണം നടത്തി വരുന്നുണ്ട്. കൂടാതെ ഇന്റലിജൻസ് വിഭാഗം രഹസ്യമായി സ്ഥാപനങ്ങളെ നിരീക്ഷിച്ച് വിവരങ്ങൾ ശേഖരിച്ച് ഇത്തരം സ്ഥാപനങ്ങളുടെ ചതിക്കുഴിയിൽ വീഴാതിരിക്കാൻ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്ന തിനായി പോലീസിന്റെ വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ ആവശ്യമായ പ്രചരണം നൽകി വരുന്നു. കൂടാതെ |

| | | | |
|---|---|---|---|
| | | | ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അനധികൃത നിക്ഷേപങ്ങൾ സംബന്ധിച്ച കേസുകളിലെ നിയമ നടപടികൾ പ്രധാനമായും ബഡ്സ് ആക്ട് പ്രകാരമാണ് സ്വീകരിച്ചുവരുന്നത്. ബഡ്സ് ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരം ഒരു കോംപീറ്റന്റ് അതോറിറ്റിയെ നിയമിച്ചിട്ടുണ്ട്. നിക്ഷേപ തട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെയുള്ള പരാതി കോംപീറ്റന്റ് അതോറിറ്റിയ്ക്ക് സമർപ്പിക്കാവുന്നതാണ്. ഇത്തരം പരാതികളിന്മേൽ ബഡ്സ് ആക്ട് അനുശാസിക്കുന്ന പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾക്ക് ബഡ്സ് നിയമത്തിന് കീഴിൽ ശക്തമായ ശിക്ഷാനടപടികൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | അനധികൃതമായി നിക്ഷേപം സ്വീകരിക്കുന്നവർക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | കേരളത്തിൽ മണി ലെൻഡിങ്ങിൽ ഏർപ്പെടുന്ന വ്യക്തികൾക്കും പാർട്ണർഷിപ്പുകൾക്കും ആണ് സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന കേരള മണി ലെൻഡേഴ്സ് ആക്ട് 1958 പ്രകാരം രജിസ്ട്രേഷൻ സംവിധാനവും മറ്റും നിലവിൽ ഉള്ളത്. പ്രസ്തുത ആക്ടിന്റെ അധികാര പരിധിയിൽ വരുന്ന കാര്യങ്ങളിൽ നിയമലംഘനം കാണപ്പെടുന്ന പക്ഷം സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന് നിയമത്തിൽ അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കും. പണത്തിന്റെ നിക്ഷേപ സ്വീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല.<br><br>നിക്ഷേപ തട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടാൽ സ്ഥാപനങ്ങളുടെയും പ്രതികളുടെയും സ്ഥാവര ജംഗമ വസ്തുക്കൾ കണ്ടുകെട്ടുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ബഡ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങൾ ബഡ്സ് ആക്ട് വകുപ്പ് 28 പ്രകാരം ജാമ്യമില്ലാ കുറ്റകൃത്യമാണ്. |

സെക്ഷൻ ഓഫീസർ